(ഇ) കേരളാ കാപ്റ്റീവ് എലിഫന്റ്സ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ്, 2003 അനുസരിച്ച് രാത്രികാലങ്ങളിൽ ആനയെ നടത്തുമ്പോൾ ആനയുടെ മുന്നിലും പിന്നിലും റിഫ്ളക്ടറുകൾ ഘടിപ്പിക്കണമെന്നും പകൽ 30 കി.മീ. കൂടുതൽ ദൂരം നടത്തിച്ച് കൊണ്ടുപോകുവാൻ പാടില്ലായെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ മാത്രമേ നടത്തിക്കൊണ്ടുപോകാവൂ എന്നുള്ള നിയമം നടപ്പാക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

## പത്തനംതിട്ട ജില്ലയിലെ ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ/ സർവ്വേ ലാസ്ക്കർ തസ്തികകളിൽ ഒഴിവ്

144 [2116] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിൽ ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ/സർവെ ലാസ്ക്കർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലും താൽക്കാലികമായും എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഒഴിവുകൾ ഒന്നും നിലവിലില്ല.

(ബി ആന്റ് സി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## പള്ളഞ്ചി-പാണ്ടി ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായുള്ള ഹർജി

145 [2117] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേലമ്പാടി-ബേഡഡുക്ക പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും റിസർവ് ഫോറസ്റ്റിലൂടെ കടന്നുപോകുന്നതുമായ പള്ളഞ്ചി-പാണ്ടി ഫോറസ്റ്റ് റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ റോഡ് റീ-ടാർ ചെയ്യുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം. എൽ. എ. സമർപ്പിച്ച ഹർജിയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly